**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 661** 08.08.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡ്

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**
**,, കെ.വി.വിജയദാസ്**
**,, ജോൺ ഫെർണാണ്ടസ്**
**,, വി.ടി.എ. റഹീം**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | 400 കോടിയോളം രൂപയുടെ സഞ്ചിത നഷ്ടത്തിലേയ്ക്ക് കൂപ്പു കുത്തിയിരുന്ന കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു. അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ഇൻറേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാരൂപം ചിട്ടപ്പെടുത്തി ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിച്ച് നൽകുകയുണ്ടായി. കൂടാതെ മോണിറ്ററിംഗ് ശക്തമാക്കുകയും ചെയ്തു. ബിസിനസ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡൻസ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനുമായി ത്രിവേണി ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറും 1500 നീതിമെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ത്രിവേണി, നീതിമെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകിയതിലൂടെ വിറ്റ് വരവ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. വിദേശമദ്യത്തിന്റെ ഇൻസെൻറീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെ ഈ ഇനത്തിലെ വരുമാനത്തിലും വർദ്ധനവുണ്ടായി. പ്രവർത്തന ചെലവുകൾ ചുരുക്കിയതിലൂടെ ഭരണചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. ജീവനക്കാരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയതിലൂടെയും ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മാസ്റ്റോറുകൾ ഒഴിവാക്കിയും ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ടിരുന്ന താൽക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. വിവിധ ഗോഡൗണുകളിൽ കെട്ടികിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും പലിശനഷ്ടം ഒഴിവാക്കുന്നതിനായി വായ്പകൾ പുനർ ക്രമീകരിച്ചതിലൂടെയും നഷ്ടത്തിലായിരുന്ന നന്മസ്റ്റോറുകൾ നിർത്തലാക്കിയതിലൂടെയും ആവശ്യമില്ലാത്ത 20 ഗോഡൗണുകൾ നിർത്തലാക്കിയതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം ലാഭത്തിലാക്കുന്നതിന് സാധിച്ചു. മേൽ പരാമർശിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ ത്രിവേണി, നീതി, ശുശ്രൂഷലാബ് എന്നിവ ഒഴികെ മറ്റ് ആറ് വിഭാഗങ്ങളും പ്രവർത്തനലാഭം നേടി. ത്രിവേണി നോട്ടുബുക്കുകൾ കെട്ടിലും മട്ടിലും മാറ്റം |

| | | | |
|---|---|---|---|
| | | | വരുത്തി വിപണിയിൽ എത്തിക്കുന്നതിന് നടപടികളും ആരംഭിച്ചു. |
| (ബി) | ഇക്കഴിഞ്ഞ സാമ്പത്തികവർഷം കൺസ്യൂമർ ഫെഡ് എത്ര കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കി എന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷം കൺസ്യൂമർഫെഡിന്റെ ആഡിറ്റിന് വിധേയമാക്കാത്ത കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട് |
| (സി) | കൺസ്യൂമർഫെഡ് പുനരുദ്ധരിച്ച് ലാഭകരമാക്കാനുള്ള നടപടികളുടെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉണ്ട്. കൺസ്യൂമർ ഫെഡറേഷൻ പുനരുദ്ധരിച്ച് ലാഭകരമാക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനായി ശ്രീ.എം.മെഹബൂബ് കൺവീനറായും ശ്രീ.കെ.വി.കൃഷ്ണൻ, ശ്രീ.പി.എം.ഇസ്മായീൽ എന്നിവർ അംഗങ്ങളുമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട് 2016 ജൂലൈ 27 മുതൽ ചുമതലയേറ്റ് പ്രവർത്തനം നടത്തി വരുന്ന ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 36 യോഗങ്ങൾ കൂടി നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് . |
| (ഡി) | നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ഡി) | നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ മുൻകൈയ്യോടെ 2000 നീതി ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന സംഘങ്ങൾക്ക് സഹകരണസംഘം രജിസ്ട്രാർ തലത്തിൽ അനുമതി നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**